മേജർ പാലങ്ങളുടെ പണി

* 515. [31] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് പണിയുവാൻ ഉദ്ദേശിച്ചിരുന്ന എല്ലാ മേജർ പാലങ്ങളുടേയും പണികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇനിയും പണി ആരംഭിക്കേണ്ട പാലങ്ങൾ ഏവ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഇല്ല.

(ബി) അവയുടെ ഒരു † ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

ഓണററി സർവ്വീസ് ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ

* 516. [32] ശ്രീ. എൻ. ഗോപാലക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണററി സർവ്വീസ് ചെയ്യുന്ന എത്രഉദ്യോഗസ്ഥന്മാർ ഫാമിലി പ്ലാനിംഗ് ഫീൽഡിൽ ജോലിചെയ്യുന്നുണ്ടു് ;

(ബി) അവർക്ക് ഓണറേറിയം എന്താണു് കൊടുക്കുന്നതു്;

(സി) ഇവരിൽ ഏതെങ്കിലും വിഭാഗത്തിൽഉള്ളവരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പരിശീലനം സിദ്ധിച്ച ഈ തരം ഫീൽഡ് വർക്കേഴ്സിനു് പി. എസ്. സി. നിയമനത്തിൽ എന്തെങ്കിലും മുൻഗണനയുണ്ടോ ;

(ഈ) ഇല്ലെങ്കിൽ അതു കൊടുക്കാനും പരിചയസമ്പന്നരായ ഇവരെ പിരിച്ചുവിടാതിരിക്കാനും നടപടി സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 596.

(ബി) പ്രതിമാസം 60 രൂപ കൂടാതെ പി. റ്റി. എ. പ്രതിമാസം 10 രൂപ.

(സി) തൃപ്തികരമായ സേവനം നടത്തിക്കൊണ്ടിരിക്കുന്ന ആരേയും പിരിച്ചുവിടാൻ ഉദ്ദേശമില്ല.

(ഡി) പി. എസ്. സി. നിയമനത്തിൽ മുൻഗണനയില്ല. എന്നാൽ ഫാമിലി പ്ലാനിംഗ് വിഭാഗം പരിഷ്കരിക്കുന്നതുകാരണം ഉണ്ടാകുന്ന ഒഴിവുകളിൽ അവരുടെ യോഗ്യതയനുസരിച്ചു് നിയമിക്കുന്ന കാര്യം ആലോചനയിലിരിക്കുകയാണു്.

(ഈ) ഡി വിഭാഗത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

† Appendix VI

LIBRARY ARCHIVES Kerala Legislative Assembly